# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

### നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.49

### 29-05-2019 ൽ മറുപടിക്ക്

**മസാല ബോണ്ടുകളുടെ സാധുത**

| ചോദ്യം<br>ശ്രീ. വി.ഡി.സതീശൻ<br>ശ്രീ. അനിൽ അക്കര<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. ഐ.സി.ബാലകൃഷ്ണൻ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്ബിയുടെ മസാല ബോണ്ടുകൾ ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം293(1) ന്റെ ലംഘനമല്ലേ എന്ന് വെളിപ്പെടുത്താമോ; | "293. Borrowing by States<br><br>**(1) Subject to the provisions of this article, the executive power of a State extends to borrowing within the territory of India upon the security of the Consolidated Fund of the State within such limits, if any, as may from time to time be fixed by the Legislature of such State by law and to the giving of guarantees within such limits, if any, as may be so fixed."**<br><br>ഭരണഘടനയുടെ അനുച്ഛേദം 293(1) കിഫ്ബി പോലുള്ള സ്റ്റാറ്റ്യൂട്ടറി ബോഡി, കോർപ്പറേറ്റ് സ്ഥാപനങ്ങൾക്ക് ബാധകമല്ല. ഇക്കാരണത്താൽ ഇത് ഭരണഘടന ലംഘനമല്ല. |

| | |
|---|---|
| (ബി) പ്രസ്തുത ബോണ്ടുകൾക്ക് സെബി, ആർ.ബി.ഐ. എന്നിവയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | കിഫ്ബിയുടെ മസാല ബോണ്ടുകൾക്ക് റിസർവ് ബാങ്കിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇന്ത്യക്ക് പുറത്ത് പുറപ്പെടുവിച്ച ബോണ്ടുകൾ ആയതിനാൽ ഇവയ്ക്ക് സെബിയുടെ അംഗീകാരം ആവശ്യമില്ല. |
| (സി) ഭരണഘടനാനുസൃതമായി സംസ്ഥാന സർക്കാരിന് കിഫ്ബിയുടെ മസാല ബോണ്ടുകളിൽ ഗ്യാരണ്ടി നിൽക്കാൻ സാധിക്കുമോ എന്ന് നിയമോപദേശം തേടിയിരുന്നോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | ഭരണഘടനാപരമായി സംസഥാന സർക്കാരിന് കിഫ്ബിയുടെ മസാല ബോണ്ടുകളിൽ ഗ്യാരന്റി നിൽക്കുവാൻ തടസ്സമില്ല. ഗ്യാരന്റി സംബന്ധിച്ച വിഷയത്തിൽ നിയമോപദേശം നിയമ വകുപ്പിൽ നിന്നും നേടിയിരുന്നു. |
| (ഡി) പ്രസ്തുത ബോണ്ടുകളിൽ ഗ്യാരണ്ടി നില്ക്കാൻ ഒരു ട്രസ്റ്റ് ഡീഡ് രൂപീകരിച്ചിട്ടുണ്ടോ; പ്രസ്തുത ഡീഡിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | ഗ്യാരന്റി നില്ക്കുന്നതിനായി ട്രസ്റ്റ് ഡീഡ് രൂപീകരിച്ചിട്ടില്ല. എന്നാൽ ബോണ്ട് സംബന്ധിച്ച ട്രസ്റ്റ് ഡീഡിൽ ഗ്യാരന്റി സംബന്ധിച്ച വിവരങ്ങളും ഉൾപ്പെടുന്നു. |

സെക്ഷൻ ഓഫീസർ